1

ചോ:

# "നിങ്ങൾക്കു മതം കൂടാതെ സന്തോഷിക്കാമെങ്കിൽ, പിന്നെ അതോർത്ത് എന്തിനു വിഷമിക്കണം?"

## ഉത്തരം:

നിങ്ങൾക്ക് മതം കൂടാതെ സന്തോഷിക്കാമെങ്കിൽ, പിന്നെ അതോർത്ത് എന്തിനു വിഷമിക്കണം? ആസ്ട്രേലിയയിലെ ഞങ്ങളുടെ മിഷൻ പ്രവർത്തനങ്ങൾക്കിടയിൽ ആ ചോദ്യം പലപ്പോഴും ഉയർന്നു വന്നു. ഞങ്ങൾ ആളുകളുമായി ബൈബിൾ പഠനങ്ങൾ ഏർപ്പെടുത്തുവാൻ ശ്രമിക്കുമ്പോൾ, വളരെ വിരളമായിട്ടേ ശത്രുത ഉണ്ടായുള്ളൂ, എന്നാൽ പലപ്പോഴും താല്പര്യമില്ലായ്മ അനുഭവപ്പെട്ടിട്ടുണ്ട്. ഞങ്ങളുടെ ആരാധനയിൽ പങ്കെടുക്കുവാൻ ആളുകളെ ക്ഷണിച്ചപ്പോൾ, അവർ പലപ്പോഴും പ്രതികരിച്ചത്: "ഇല്ല, എനിക്കു വരുവാൻ കഴിയുമെന്നു തോന്നുന്നില്ല," അല്ലെങ്കിൽ "എനിക്കു വരുവാൻ കഴിയുകയില്ല" എന്നാണ്. ആളുകൾ മതത്തെക്കുറിച്ചു കരുതുന്നില്ല. അല്ലേ?

മതത്തെ കുറിച്ചു വിചാരപ്പെടാത്തവർ പലപ്പോഴും സന്തോഷമുള്ളവരാണ് എന്ന വസ്തുതയാൽ ആ ചോദ്യം സങ്കീർണ്ണമാണ്. ഉദാഹരണമായി, ആസ്ട്രേലിയയിലെ ഒരു പത്ര റിപ്പോർട്ട്, സൂചിപ്പിക്കുന്നതു അഭിമുഖം നടത്തിയ ആസ്ട്രേലിയയിലെ മുതിർന്നവരിൽ 55 ശതമാനം പേർ "വളരെ സന്തോഷിക്കുന്നതായും," 43 ശതമാനം പേർ "ന്യായമായി സന്തോഷിക്കുന്നതായും," 2 ശതമാനം പേർ മാത്രം "സന്തോഷമില്ലാത്തതായും" കാണപ്പെടുന്നു എന്നാണ്. അമേരിക്കയിലെ അതേ കണക്കിലും ഏതാണ്ട് അതേ രീതിയിലുള്ള വിവരമാണ് ലഭിച്ചത്.[1]

ആ സന്തോഷം പലപ്പോഴും നേടിയത് മതവുമായി ബന്ധപ്പെടാതെയാണ്. ആസ്ട്രേലിയക്കാർ മിക്കപേരും പള്ളിയിൽ പോകാത്തവരാണ്. ഒരു ആസ്ട്രേലിയക്കാരൻ പൊതുമദ്യശാലയിൽ ദിവസവും പോവുകയും, കുടുംബത്തെ പോറ്റുകയും, സ്വന്തവീടുണ്ടാക്കുകയും, കുറച്ചു പണം നിക്ഷേപിക്കുകയും, പൂന്തോട്ടത്തെ പരിപാലിക്കുവാൻ സമയം കണ്ടെത്തുകയും, കായികവിനോദങ്ങളിൽ താല്പര്യം ഉളവാക്കുകയും ചെയ്യുന്നിടത്തോളം, തന്റെ സ്നേഹിതന്മാരോടൊത്തു സമയം ചിലവഴിക്കുവാനും അവരെ സഹായിക്കുവാനും താല്പര്യം കാണിക്കുന്നു എന്നാൽ കുടുംബത്തോടു തൃപ്തിയുള്ള ഒരു നല്ല മാതൃകയുള്ള മനുഷ്യനായി ചിത്രീകരിക്കപ്പെടുന്നു. സൂര്യനും, തിരകളും, പതയും (ബിയർ)- ഇവയെല്ലാം ഒരു ശരാശരി ആസ്ട്രേലിയക്കാരൻ ദൈവമായി കണക്കാക്കുന്നതായി പറയപ്പെടുന്നു. അവരെ സംബന്ധിച്ച് ബൈബിളിലെ ദൈവം മരിച്ചിരിക്കുന്നു. ദൈവം അവന്റെ ജീവിതത്തിൽ ഒരു വിധത്തിലും സ്വാധീനിക്കുന്നില്ല.

മതത്തെ സംബന്ധിച്ച് എന്താണ്? അവരെ സംബന്ധിച്ച്, മതം പ്രായമാ

യവർക്കും, രോഗികൾക്കും, ദരിദ്രർക്കും ഉള്ളതാണ്. മാനസികവും, ഭൗതികവും, അല്ലെങ്കിൽ സാമ്പത്തികവും ആയ - പ്രശ്നങ്ങളുള്ളവർ മാത്രം - മതമുള്ളവരാണ്. അവർക്കു ജീവിതത്തിൽ അതിജീവിക്കുവാൻ ഊന്നുവടിയായി മതത്തെ ആവശ്യമാണ്. എന്നാൽ, നല്ല ധൈര്യമുള്ളവനും, സമൃദ്ധിയുള്ളവനും, മധ്യനിരയിലോ, അല്ലെങ്കിൽ ഉയർന്ന നിരയിലോ ഉള്ളവർക്കും, ശക്തരായ, ആരെയും ആശ്രയിക്കാത്തവരുടെയും മനസ്സിൽ, അതില്ല! അവനു ഊന്നുവടിയുടെ ആവശ്യമില്ല. അതുകൊണ്ടു അവൻ മതത്തെക്കുറിച്ചു ഒട്ടും വിചാരപ്പെടുന്നില്ല.

ഇത്തരം ചിന്താഗതിക്കാർ ആസ്ട്രേലിയയിൽ മാത്രം ഒതുങ്ങുന്നില്ല. അവർ നിങ്ങൾക്കരികിൽ ജീവിക്കുന്നു; നിങ്ങളോടൊപ്പം ജോലി ചെയ്യുന്നു; അവർ നിങ്ങളെ വഴിയിൽവെച്ചു കണ്ടുമുട്ടി നിങ്ങൾക്കായി സൂപ്പർമാർക്കറ്റിൽ കാത്തുനില്ക്കുന്നു. അമേരിക്കയിൽ അധികം പേർക്കും യഥാർത്ഥത്തിൽ മതപരമായ കാര്യങ്ങൾക്കു ഒട്ടും സമയമില്ല. മിക്ക അമേരിക്കക്കാർക്കും, ദൈവം മരിച്ചിരിക്കുന്നു - ചുരുങ്ങിയത് മരിച്ചതായി, അവർ തങ്ങളുടെ ജീവിതത്തിലൂടെ കാണിക്കുന്നു.

അവർ ശരിയാണോ? മതപരമായി ജീവിക്കാതെ സന്തോഷം അനുഭവിക്കാമെങ്കിൽ പിന്നെ മതത്തെ ഓർത്തു വിചാരപ്പെടേണ്ടതുണ്ടോ? എന്റെ ഉത്തരം: ഉണ്ട് എന്നതാണ്, നിങ്ങൾ മതപരമായി ജീവിക്കണം. എന്നാൽ എന്തുകൊണ്ട്?

## കാരണം മനുഷ്യൻ ഒരു മൃഗമല്ല

ശ്രേഷ്ഠമായ പുരാണശാസ്ത്രത്തിൽ, ഫാൺ എന്നത് പകുതി-മനുഷ്യനും, പകുതി-ആടുമായി കരുതപ്പെടുന്ന ഒന്നാണ്. ഒരുപക്ഷെ മനുഷ്യന് മൃഗത്തിന്റെ ഒരുഭാഗം ആകുവാൻ സാധിക്കും എന്നു ആളുകൾ കരുതിയിരിക്കാം. എന്നാൽ നമുക്കു നന്നായി അറിയാം. അല്ലേ? ആരംഭത്തിൽ മനുഷ്യൻ ഏകകോശ-മൃഗത്തിൽ നിന്നു വന്നതായും അടുത്ത കാലത്ത് കുരങ്ങിനെ-പോലെയുള്ള മുൻഗാമിയിൽ നിന്നും ഉത്ഭവിക്കുന്നതായും പറയുന്ന പരിണാമ സിദ്ധാന്തം മനുഷ്യൻ മൃഗത്തേക്കാൾ ഉയർന്നവനല്ല എന്ന് പറയുന്നു. നാം ആ സിദ്ധാന്തത്തെ നിഷേധിക്കുന്നു.

അതുകൂടാതെ, മനുഷ്യൻ മൃഗത്തിൽനിന്നു വ്യത്യസ്തനാണെന്നു വിശ്വസിക്കുവാൻ തക്കതായ കാരണമുണ്ട്. മനുഷ്യനെ ദൈവസാദൃശത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാൽ, അവനു ഉയർന്ന ഉദ്ദേശമുണ്ട് എന്നതാണ് അവനെ പ്രത്യേകമായി വേർതിരിക്കുന്നത്. "അവയാൽ അവൻ നമുക്കു വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളും നല്കിയിരിക്കുന്നു, ഇവയാൽ നിങ്ങൾ ലോകത്തിൽ മോഹത്താലുള്ളനാശം വിട്ടൊഴിഞ്ഞിട്ടു, ദിവ്യസ്വഭാവത്തിന്നു കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു" (2 പത്രൊസ് 1:4). മനുഷ്യസ്വഭാവത്തിലായിരിക്കുക എന്നതല്ല നമ്മുടെ ഉദ്ദേശം, മറിച്ച് ദൈവത്തെപോലെ ആകുവാൻ, ദൈവസ്വഭാവത്തിലാകുക എന്നതാണ്. നാം വെറും മനുഷ്യരല്ലെങ്കിൽ, ദൈവം നമ്മിൽനിന്നും ആഗ്രഹിക്കുന്നതു നാം കണ്ടെത്തണ്ടേ? നാം മതപരമായി ജീവിക്കേണ്ടേ?

## കാരണം ബൈബിൾ ഒരു കെട്ടുകഥയല്ല

ബൈബിൾ എന്നത് കെട്ടുകഥകളുടെയോ, പുരാണങ്ങളുടെയോ, ഇതി

ഹാസങ്ങളുടെയോ ശേഖരമല്ല. നിരവധി ആളുകൾ അങ്ങനെ കരുതുന്നുണ്ട്. ബൈബിളിനെ, ചില സത്യങ്ങളും, ചില തെറ്റുകളും, ചില വസ്തുതകളും, കുറെ ചരിത്രവും, ചില ഇതിഹാസങ്ങളും ഉൾപ്പെടുന്ന മനുഷ്യന്റെ പരിശ്രമത്തിന്റെ ഒന്നിച്ചുള്ള ഫലമായി അവർ കാണുന്നു.

ആ ആശയത്തിൽ രണ്ടു തെറ്റുകളാണുള്ളത്. ഒന്ന് ബൈബിൾ അതിനെ നിഷേധിക്കുന്നു എന്നതാണ്. 2 തിമൊഥെയൊസ് 3:16, 17 നോക്കുക: "എല്ലാ തിരുവെഴുത്തും, ദൈവശ്വാസീയമാകയാൽ, ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും, വക പ്രാപിച്ചുതികഞ്ഞവൻ ആകേണ്ടതിന്നു; ഉപദേശത്തിന്നും ശാസനത്തിന്നും ഗുണീകരണത്തിന്നും, നീതിയിലെ അഭ്യാസത്തിന്നും പ്രയോജനമുള്ളതാകുന്നു." ബൈബിൾ സ്വീകരിക്കുന്ന ഏതു മതവും ഈ വാക്യത്തെയും, ബൈബിളിൽ ഉള്ളതു കെട്ടുകഥകളല്ല എന്നു അതു പഠിപ്പിക്കുന്നതിനെയും കാര്യമായെടുക്കണം. രണ്ട്, ബൈബിൾ തെറ്റിന്റെയും ശരിയുടെയും ഒരു മിശ്രിതമാണെങ്കിൽ, പിന്നെ ബൈബിളിലെ ഏതൊരു ഭാഗവും ഒരാൾക്ക് ചോദ്യം ചെയ്യാത്ത സത്യമായി വിശ്വസിക്കുവാൻ സാധ്യമല്ല. ഏറ്റവും തീർച്ചയോടെ വിശ്വസിക്കുന്നതായ സത്യങ്ങൾ പോലും, ഉദാഹരണത്തിനു, ക്രിസ്തുവിന്റെ ദൈവികത്വം, അസത്യമാണെന്നു വരും.

ബൈബിൾ കെട്ടുകഥയല്ലാത്തതിനാൽ, അതു വായിക്കുവാനും മനസിലാക്കുവാനും അനുസരിക്കുവാനും തുടങ്ങുക. മതപരമായി ജീവിക്കുവാൻ തുടങ്ങുക.

## കാരണം മതം വെറും "തുണചേരലല്ല"

"തുണചേരൽ" എന്നതു ആസ്ട്രേലിയൻ പദപ്രയോഗമാണ്. ഒരാളുടെ "തുണകൾ" അഥവാ സുഹൃത്തുക്കൾ ആസ്ട്രേലിയയിൽ ഉള്ള ഒരാൾക്കു സുപ്രധാനമാണ്, ചിലപ്പോൾ അതു അയാളുടെ ഭാര്യയെക്കാളും കുടുംബത്തെക്കാളും വലുതാണ്. "തുണചേരൽ" എന്നതിനർത്ഥം നിങ്ങളുടെ സ്നേഹിതരെ അല്ലെങ്കിൽ സഹ-പ്രവർത്തകരെ കരുതുക, പ്രത്യേകിച്ച് അവർ പ്രതിസന്ധികളിൽ ആയിരിക്കുമ്പോൾ അവർക്കു വേണ്ടതു ചെയ്യുക എന്നതാണ്.

ആസ്ട്രേലിയക്കാർ മറ്റുള്ളവരെ സഹായിക്കുവാൻ പണം നൽകുന്നതിൽ ഔദാര്യം ഉള്ളവരാണെന്നു നാം കണ്ടു – ഉദാഹരണമായി, കാട്ടുതീയ്ക്കിരയായി കത്തിപ്പോയ വീടുകളെ വീണ്ടും നിർമ്മിക്കുവാൻ ആളുകളെ സഹായിക്കുന്നതിൽ. അതു നല്ലതാണ്. എങ്ങനെയായാലും, പ്രശ്നം എന്തെന്നാൽ അധികം ആളുകളും വിചാരിക്കുന്നതു മതം എന്നാൽ ഇതാണ് എന്നാണ്. "ഞാൻ മറ്റുള്ളവർക്കു നന്മ ചെയ്യുന്നിടത്തോളം," അവർ വിചാരിക്കുന്നതു, "അതാണ് തീർച്ചയായും ദൈവം ആഗ്രഹിക്കുന്നതു." "ഞാൻ മറ്റുള്ളവരോടു നന്നായി പെരുമാറുകയാണെങ്കിൽ," "അവൾ ശരിയായ, തുണ ആയിരിക്കും," എന്നതായിരുന്നു അവരുടെ തത്വം.

അത്തരത്തിൽ ഉള്ള ആളുകളെയും, നിങ്ങൾക്കറിയാം, അല്ലേ? അവർ ആളുകൾക്കു പണവും സഹായങ്ങളും നൽകുകയാണെങ്കിൽ, പിന്നെ പള്ളിയിൽ പോകയോ മറ്റു ദൈവകല്പനകൾ അനുസരിക്കയോ ചെയ്യേണ്ടതില്ല എന്നാണ് അവർ വിശ്വസിക്കുന്നത്.

തീർച്ചയായും, മറ്റുള്ളവരോടു നന്മ ചെയ്യുവാൻ ദൈവം നമ്മെ കുറിച്ചു

പ്രതീക്ഷിക്കുന്നു. (മത്തായി 7:12 നോക്കുക.) എങ്ങനെയായാലും, അവൻ പ്രതീക്ഷിക്കുന്നത് *പൂർണ്ണമായും* അതുമാത്രമല്ല. രണ്ടാമത്തെ മഹത്തായ കല്പന "കൂട്ടുകാരനെ നിന്നെപോലെ തന്നേ സ്നേഹിക്കുക" എന്നാണെങ്കിൽ, ഒന്നാമത്തെ കല്പന നിന്റെ ദൈവമായ കർത്താവിനെ നീ *പൂർണ്ണ* മനസോടും ആത്മാവോടും ഹൃദയത്തോടും സ്നേഹിക്കുക എന്നാണ് (മർക്കൊസ് 12:30, 31). ക്രിസ്തീയമതം എന്നാൽ മറ്റുള്ളവരെ സഹായിക്കുന്നതിനെ കുറിച്ചു മാത്രമുള്ളതല്ല. അതു കൃപയാൽ രക്ഷിക്കപ്പെടുന്നതിനെ കുറിച്ചുള്ളതാണ്! നമ്മുടെ മതത്തിന്റെ മുഖ്യപോയിന്റ് പൗലൊസ് പറഞ്ഞിരിക്കുന്നു: "അവൻ നമ്മെ നാം ചെയ്ത നീതിപ്രവൃത്തികളാലല്ല, തന്റെ കരുണപ്രകാരമത്രേ രക്ഷിച്ചതു, അവന്റെ കൃപയാൽ, പുനർജ്ജനനസ്നാനം കൊണ്ടും പരിശുദ്ധാത്മാവിന്റെ നവീകരണംകൊണ്ടും തന്നേ" (തിത്തൊസ് 3:5). ക്രിസ്ത്യാനിത്വം രക്ഷയെ കുറിച്ചുള്ളതാണ്, നന്മ ചെയ്തതുകൊണ്ടു മാത്രം നിങ്ങൾക്കു രക്ഷിക്കപ്പെടുവാൻ സാധ്യമല്ല. അവന്റെ കരുണയാൽ നാം രക്ഷിക്കപ്പെടണം. അതായതു നിങ്ങളുടെ മതപരമായ നിലവാരം നിങ്ങൾ നോക്കിതുടങ്ങണം എന്നർത്ഥം.

### കാരണം യേശു വെറും "താഴ്മയും സൗമ്യതയും" ഉള്ളവൻ മാത്രമല്ല

ചിലർ ക്രിസ്തുവിൽ വിശ്വസിക്കുന്നു, എന്നാൽ അവനെ വെറും "താഴ്മയും സൗമ്യതയും" ഉള്ളവൻ മാത്രമായി കാണുന്നു. അവരെ സംബന്ധിച്ച്, അവൻ ആരെയും ശിക്ഷിക്കാൻ കഴിയാത്തത്ര ദയയും സ്നേഹവും നിറഞ്ഞവനാണ്. അതുകൊണ്ടു, അവന്റെ ഇഷ്ടം ചെയ്യുന്നതിനെ കുറിച്ചു വിചാരപ്പെടണം എന്നവർ ചിന്തിക്കുന്നില്ല. അവന്റെ ഇഷ്ടം ചെയ്തില്ലെങ്കിൽ, എങ്ങനെയായാലും അവൻ തങ്ങളെ ശിക്ഷിക്കുകയില്ല എന്നാണ് അവർ കരുതുന്നത്.

യേശു "സൗമ്യതയും താഴ്മയും" ഉള്ളവനാണെങ്കിലും, അവന്റെ സ്വഭാവത്തിനു മറ്റൊരു വശമുണ്ട് – ആരോ അതിനെ പറഞ്ഞത് യേശുവിന്റെ "കോപമുള്ള വടക്കു വശം" എന്നാണ്. ഉദാഹരണത്തിനു, യോഹന്നാൻ 8:24 ചിന്തിക്കുക: "ആകയാൽ നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും, എന്നു ഞാൻ നിങ്ങളോടു പറഞ്ഞു; ഞാൻ അങ്ങനെയുള്ളവൻ എന്നു വിശ്വസിക്കാഞ്ഞാൽ, നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും." പാപം ഉണ്ടെന്നു യേശു വിശ്വസിച്ചിരുന്നു. കൂടാതെ, പാപത്തിന്റെ ഫലമായി, മരണശിക്ഷയുണ്ടെന്നും അവൻ വിശ്വസിച്ചിരുന്നു. ചിലർ ശിക്ഷിക്കപ്പെടുമെന്നു അവൻ പറഞ്ഞിരുന്നു. അനുസരിച്ചില്ലെങ്കിൽ, അതിന്റെ ഫലമായി ശിക്ഷ ലഭിക്കുന്ന നിബന്ധനകളിലും, യേശു വിശ്വസിച്ചിരുന്നു. നഷ്ടപ്പെടാതിരിക്കേണ്ടതിനു ദൈവത്തെ അനുസരിക്കണമെന്നും അവൻ പറഞ്ഞിരിക്കുന്നു (മത്തായി 7:21 നോക്കുക). അപ്പോൾ, യേശുവിനു ശിക്ഷിക്കുവാൻ കഴിയുകയും, ശിക്ഷിക്കുകയും ചെയ്യുമ്പോൾ, ഞാൻ അവന്റെ ഇഷ്ടം ചെയ്യണം, അതാണ് മതപരമായി ജീവിക്കുക എന്നാൽ ഞാൻ അർത്ഥമാക്കുന്നത്.

### കാരണം വിശ്വാസം ഒരു മാന്ത്രിക ഔഷധമല്ല

നിങ്ങൾ യേശുവിൽ വിശ്വസിച്ചാൽ മാത്രം മതി, കാര്യങ്ങളെല്ലാം ശരിയാകും എന്ന ഒരു സിദ്ധാന്തം പ്രചാരത്തിലുണ്ട്. രക്ഷിക്കപ്പെടുവാൻ നിങ്ങൾ ചെയ്യേണ്ടതു വിശ്വാസം ഉണ്ടായിരിക്കുക എന്നാണ്. നിങ്ങൾ എന്തു ചെയ്യുന്നു

എന്തു ചെയ്യാതിരിക്കുന്നു എന്നു കണക്കാക്കാതെ, യേശുവിനെ കർത്താവായി സ്വീകരിക്കുകയും, നിങ്ങൾ രക്ഷിക്കപ്പെട്ടതായും, അവന്റെ ദൈവികത്വത്തിൽ വിശ്വസിക്കുകയും ചെയ്യുക.

എന്നാൽ വിശ്വാസം മാത്രം രക്ഷിക്കുക*യില്ല* (യാക്കൊബ് 2:24). വിശ്വാസം അനിവാര്യമാണ് (യോഹന്നാൻ 3:16). പക്ഷെ വിശ്വാസം സ്നേഹത്താൽ പ്രവർത്തിക്കുമ്പോഴാണ് രക്ഷിക്കുന്നത് (ഗലാത്യർ 5:6). യേശു ദൈവപുത്രനാണെന്നു വിശ്വസിക്കുവാൻ തുടങ്ങുമ്പോൾ തന്നെ നിങ്ങൾ രക്ഷിക്കപ്പെടുന്നില്ല. ആ വസ്തുത വിശ്വസിച്ചുകൊണ്ടു, അവന്റെ ഇഷ്ടം അനുസരിക്കുന്നതിലേക്കു നിങ്ങളെ നയിക്കുവാൻ നിങ്ങളുടെ വിശ്വാസത്തെ അനുവദിക്കണം. വിശ്വാസം നിമിത്തം, നിങ്ങൾ ദൈവേഷ്ടം ചെയ്യുമ്പോഴാണ്, നിങ്ങൾ രക്ഷിക്കപ്പെടുന്നത് അല്ലാതെ അതിനു മുൻപല്ല. പ്രവൃത്തികൾ 2-ൽ, ചിലർ ക്രിസ്തുവിനെ കുറിച്ചുള്ള ഉപദേഷ്ടാക്കന്മാരുടെ പ്രസംഗം കേട്ടു വിശ്വസിച്ചു. അവർ വിശ്വസിച്ചതു യേശു തീർച്ചയായും കർത്താവും ക്രിസ്തുവുമാണെന്നാണ്. അതുകൊണ്ടു അവർ ചോദിച്ചു, "ഞങ്ങൾ എന്തു ചെയ്യേണ്ടു?" നിങ്ങൾ ചെയ്യേണ്ടതെല്ലാം ചെയ്തതുകൊണ്ടു നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നു പത്രൊസ് ആ യെഹൂദരോടു പറ*ഞ്ഞില്ല*. അവൻ ആ *വിശ്വാസികളോടു* പറഞ്ഞു: "നിങ്ങൾ ഓരോരുത്തൻ മാനസാന്തരപ്പെട്ട്, നിങ്ങളുടെ പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും" (പ്രവൃത്തികൾ 2:38). വിശ്വാസം മാത്രം പോരായിരുന്നു; മാനസാന്തരവും സ്നാനവും ആവശ്യമായിരുന്നു. നാം അവനെ അനുസരിക്കേണ്ടതുകൊണ്ടു തന്നെ, മതപരമായിതീരേണ്ടതിന് അതു ഒരു നല്ല കാരണമാണ്.

## കാരണം ദൈവം സാൻടാക്ലോസ് പോലെ അല്ല

ക്രിസ്തുമസ് സമയത്ത് ആളുകൾക്കു സമ്മാനം കൊണ്ടുവരുന്നതായി കരുതപ്പെടുന്ന, വെള്ളത്താടിയുള്ള സങ്കല്പ കഥാപാത്രമായ സാൻടാ ക്ലോസിന്റെ നിരവധി സ്വഭാവങ്ങൾ പൊതുവായി ദൈവത്തിനുണ്ടെന്നു ചിലർ വിശ്വസിക്കുവാൻ പ്രേരിപ്പിക്കപ്പെട്ടിട്ടുണ്ട്. സാൻടാ ക്ലോസ് നല്ല കുട്ടികൾക്കാണ് സമ്മാനങ്ങൾ കൊണ്ടുവരുന്നതായി കരുതപ്പെടുന്നതെങ്കിലും, വികൃതരായ മിക്ക കുട്ടികളെയും, അവർ വർഷത്തിലധികസമയവും എങ്ങനെ ജീവിച്ചാലും, സമ്മാനത്തിൽ നിന്നു മാറ്റി നിർത്താറില്ല എന്നത് നമുക്കെല്ലാം അറിയാം. സാൻടാ ഒന്നും ആവശ്യപ്പെടുന്നില്ല. സാൻടാ കുട്ടികളുടെ വികൃതികൾക്ക് മാപ്പുകൊടുക്കുവാൻ എങ്ങനെയെങ്കിലും ഒരു വഴി കണ്ടെത്തുകയും, അവർക്കു അപ്പോഴും കളിപ്പാട്ടങ്ങൾ നല്കുകയും ചെയ്യുന്നു.

ദൈവം അങ്ങനെയാണെന്നു നാം വിചാരിക്കുന്നുണ്ടോ? ജീവിതത്തിൽ നന്മ ചെയ്യുന്നവർക്കുമാത്രമാണ് അവൻ പ്രതിഫലം നല്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത് എന്നു നമുക്കറിയാം. എങ്കിലും, ജീവിതത്തിൽ അവർ എങ്ങനെയായിരുന്നു എന്നു കണക്കാക്കാതെ, ദൈവം ഓരോരുത്തർക്കും പ്രതിഫലം നല്കുവാൻ വഴി ഒരുക്കും, എന്നു നാം എന്തുകൊണ്ടോ കരുതുന്നു. ഒരു ചൊല്ലുണ്ട്: "കുറുക്കന്മാരുടെ മാളത്തിൽ നിരീശ്വരവാദികളില്ല." ഉപദേഷ്ടാവും ബന്ധുക്കളും ശ്രദ്ധിക്കുവാൻ, നാം ഇതുകൂടി ചേർക്കണം: "വഷളന്മാർ ശവപ്പെട്ടിയിൽ കാണുകയില്ല." ഒരു മനുഷ്യൻ തന്റെ ജീവിത

ത്തിൽ എത്ര മോശമായി ജീവിച്ചാലും അതൊന്നും കണക്കിലെടുക്കാതെ, മരണശേഷം അവന് സ്വർഗ്ഗത്തിൽ സ്ഥാനം നൽകുവാനും അവനോടു ക്ഷമിക്കുവാനും ദൈവം വഴി കണ്ടെത്തുമെന്നു നാം എപ്പോഴും വിശ്വസിക്കുന്നതായി കാണാം. നാം ദൈവത്തെ എപ്പോഴും, ഇങ്ങനെ പറയുന്ന ഒരു വെല്ല്യപ്പനെ പോലെ, ഒരു നല്ലവനായി ചിന്തിക്കുന്നു, "നിനക്കു നിർബ്ബന്ധമാണെങ്കിൽ, പോയി അതു ചെയ്യുക; കുഴപ്പമില്ല. ഞാൻ നിന്നോടു ക്ഷമിക്കും."

ദൈവം അങ്ങനെ അല്ല! ദൈവം നല്ലവനും സ്നേഹവാനുമാണ്. എന്നാൽ ദൈവം അതിലുമധികം ആണ്. ദൈവം നീതിമാനുമാണ്! അവൻ കരുണയും ക്ഷമയും ഉള്ളവനാണെങ്കിലും, അവൻ ചിലപ്പോൾ ശിക്ഷിക്കുന്നവനും ശാസിക്കുന്നവനും ആകണമെന്നു ദൈവനീതി ആവശ്യപ്പെടുന്നു. "ദൈവത്തിന്റെ ദയ*വും* ഖണ്ഡിത*വും*" എന്നതിനെ കുറിച്ചു ബൈബിൾ വ്യക്തമാക്കുന്നുണ്ട് (റോമർ 11:22). അതു പറയുന്നതു: "ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നതു എത്ര ഭയങ്കരം" (എബ്രായർ 10:31). നിങ്ങൾക്കു തോന്നുന്നതു ചെയ്തിട്ടു അതിൽനിന്നു ഒഴിഞ്ഞുമാറുവാൻ സാധ്യമല്ല. ദൈവം നീതിമാനായതുകൊണ്ട്, ക്ഷമിക്കാത്തതും മാനസാന്തരപ്പെടാത്തതുമായ പാപികളെ, ദൈവം ശിക്ഷിക്കുക തന്നെ ചെയ്യും. കാരണം അതുകൊണ്ടു, മതപരമായി ജീവിക്കുക!

## കാരണം മരണം അവസാനമല്ല

പഴയ പട്ടിയായ റോവറിനെപോലെയാണ് മനുഷ്യൻ എന്നാണ് പല ആളുകളും വിശ്വസിക്കുന്നതു – അവൻ മരിച്ചുകഴിഞ്ഞാൽ, എല്ലാം തീർന്നു. അതു ശരിയാണെങ്കിൽ, പിന്നെ മതപരമായി ജീവിക്കേണ്ട ആവശ്യമില്ല. നമുക്കു ജീവിതം എങ്ങനെയും ആസ്വദിക്കാം കാരണം കല്ലറക്കപ്പുറം കണക്കു കൊടുക്കേണ്ടതില്ലല്ലൊ. ദൈവേഷ്ടം പ്രവർത്തിക്കുന്നതിനെക്കുറിച്ച് അവർക്കു ചിന്തിക്കേണ്ടതില്ല എന്നാണ് അവർ വിശ്വസിക്കുന്നത്.

എന്നാൽ മരണം നമ്മുടെ നിലനിൽപിനെ അവസാനിപ്പിക്കുകയില്ല. നാം കല്ലറക്കപ്പുറവും ജീവിക്കും. ബൈബിൾ പറയുന്നത്, "ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും ദൈവം മനുഷ്യർക്കു നിശ്ചയിച്ചിരിക്കുന്നു" (എബ്രായർ 9:27). മരണശേഷം, നാം ജഡത്തിൽ ചെയ്ത പ്രവൃത്തികൾക്കെല്ലാം ന്യായവിധിനാൾ ദൈവമുൻപാകെ കണക്കു കൊടുക്കണം. നമ്മെ ന്യായം വിധി*ക്കും*. നാം ഒന്നുകിൽ സ്വർഗത്തിൽ അല്ലെങ്കിൽ നരകത്തിൽ നിത്യത ചെല*വിടും*. ദൈവേഷ്ടം ചെയ്യുന്നതിനും, മതപരമായി ജീവിക്കേണ്ടതിനും അതു മതിയായ കാരണമല്ലേ?

## കാരണം നിങ്ങൾ സൂപ്പർമാൻ അല്ല

ഒരാൾക്കു താൻ നഷ്ടപ്പെട്ടവനാണെന്നും രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണമെന്നും അറിയാമെങ്കിലും, ഭാവിയിൽ എപ്പോഴെങ്കിലും അതിനു വേണ്ടി പ്രവർത്തിക്കാമെന്നു തീരുമാനിക്കുന്ന ഒരാളെക്കുറിച്ചു ചിന്തിക്കുക. അയാൾ പറയുന്നത്, "ഒരുപക്ഷെ അടുത്തയാഴ്ച്ച, അല്ലെങ്കിൽ അടുത്ത മാസം, അല്ലെങ്കിൽ അടുത്ത വർഷം ആകട്ടെ. പിന്നെ ഞാൻ ദൈവത്തെ അനുസരിച്ചു അവനെ സേവിക്കാൻ തുടങ്ങാം. അപ്പോൾ ഞാൻ മതപരമായി ജീവിക്കാം." തന്റെ ജീവിതത്തെയും സാഹചര്യങ്ങളെയും പൂർണ്ണമായി നിയന്ത്രിക്കുവാൻ കഴിയുന്ന വിശിഷ്ട മനുഷ്യനാണ് താൻ എന്ന് അ

യാൾക്കു തോന്നുന്നു. രോഗത്തോടും, ജീവിതത്തോടും, മരണത്തോടും, സമയത്തോടും കല്പിക്കുവാൻ തനിക്കു കഴിയുമെന്ന് അയാൾ കരുതുന്നു. അയാൾക്കു ഒന്നും പ്രശ്നമല്ല. ഗൗരവമായ രോഗമോ? ഇല്ല, അയാൾക്കു രോഗം വരികയില്ല. ഒരു അപകടമോ? ഇല്ല, തനിക്കു അപകടം ഒന്നും സംഭവിക്കുകയില്ല എന്ന് ഉറപ്പിക്കുവാൻ അയാൾക്കു കഴിയുന്നു. ദുരന്തമോ? ഒരു പ്രശ്നവുമില്ല; തന്റെ മുഷ്ടികൊണ്ട് അതിനെ തട്ടിമാറ്റും. നേരത്തെയുള്ളതും അകാലവുമായ മരണം നേരിട്ടാലോ? തീർച്ചയായും അതിനെക്കുറിച്ചു അയാൾക്കു വിചാരപ്പെടേണ്ട കാര്യമില്ല. എല്ലാത്തിലുമുപരി, ഒരു ക്രിസ്ത്യാനി ആയിതീരുന്നതടക്കം – അയാൾ ചെയ്യുവാൻ ഉദ്ദേശിക്കുന്ന എല്ലാ നല്ല കാര്യങ്ങളും ചെയ്തു തീർക്കുവോളം താൻ ജീവിക്കുമെന്നാണ് അയാൾക്ക് ഉറപ്പുണ്ട്.

എന്റെ സ്നേഹിതാ, നിങ്ങൾ അങ്ങനെ ചിന്തിക്കുകയാണെങ്കിൽ, നിങ്ങൾ നിങ്ങളെത്തന്നെ വിഡ്ഢിയാക്കുകയാണ്. യാക്കോബ് പറയുന്നു, "നാളത്തേതു നിങ്ങൾ അറിയുന്നില്ലല്ലൊ. നിങ്ങളുടെ ജീവൻ അല്പനേരത്തേക്കു കാണുന്നതും പിന്നെ മറഞ്ഞുപോകുന്നതുമായ ആവിയല്ലൊ" (യാക്കൊബ് 4:14). ആരും വിശിഷ്ടമനുഷ്യനായിട്ടില്ല. ഒരാളുടെ ജീവിതത്തിനും തന്റെ ഇംഗിതം നിറവേറ്റുന്നതിനും ഇടയ്ക്കു രോഗമോ, അപകടമോ, ദുരന്തമോ, നേരത്തെയുള്ള മരണമോ വരികയില്ല എന്നു ഉറപ്പു പറയുവാൻ കഴിയുകയില്ല. നിങ്ങൾ ഒരു അമാനുഷൻ *അല്ല.* കർത്താവിലേക്കു തിരിയുന്നതിനു മതിയായ സമയമുണ്ടോ എന്നതിനെ കുറിച്ചു ഉറപ്പാക്കുവാൻ ഏക വഴി ഇന്നു തന്നെ കർത്താവിലേക്കു വരുക എന്നതാണ്. ക്രിസ്തുവിനെ അവന്റെ വഴിയിൽ സ്വീകരിക്കയും മതപരമായി ജീവിക്കുകയും ചെയ്യുക.

## കാരണം മനുഷ്യൻ സുഖപ്പെടുത്താനാവാത്ത വിധം മതപരമായിരിക്കുന്നു

മനുഷ്യൻ സുഖപ്പെടുത്താനാവാത്ത വിധം മതപരമായിരിക്കുന്നു. അതിനർത്ഥം നിങ്ങളെ മതപരമാകുവാൻ നിർബന്ധിക്കുന്നതു, ഒരർത്ഥത്തിൽ, ആവശ്യത്തിലധികമാണ്, കാരണം നിങ്ങൾ മതപരമായികഴിഞ്ഞിരിക്കുന്നു.

ഇതിനെ റോമർ 1–ൽ ഏറ്റവും മോശമായ പാപം ചെയ്തവരെ കുറിച്ചു പൗലൊസ് പറഞ്ഞിരിക്കുന്നതുകൊണ്ടു ചിത്രീകരിക്കാം. അവർ ദൈവത്തെ തള്ളിക്കളഞ്ഞതുകൊണ്ടു, ദൈവം അവരെയും തള്ളിക്കളഞ്ഞു. അവർ കുലപാതകികളും, ദുഷ്പ്രവൃത്തിക്കാരും, ഏഷണിക്കാരും, സ്വവർഗ്ഗരതിക്കാരും, ദൈവദ്വേഷികളും, എന്നുതുടങ്ങി അനവധി ദുശ്ശീലങ്ങളുള്ളവരായിരുന്നു. അതുകൊണ്ടു, അവർ മതപരമായി ജീവിക്കുന്നവരല്ല, എന്നു നമുക്കു വിധി എഴുതാമോ? റോമർ 1:25 ശ്രദ്ധിക്കുക: "ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു, സൃഷ്ടിച്ചവനേക്കാൾ അവർ സൃഷ്ടിയെ ഭജിച്ച് ആരാധിച്ചു, അവൻ എന്നേക്കും വാഴ്ത്തപ്പെട്ടവൻ." അവർ പാപം ചെയ്തു കുറ്റമുള്ളവരായിരുന്നു എങ്കിലും, അവർ അപ്പോഴും ദൈവത്തെ ആരാധിച്ചിരുന്നു! അവർ തെറ്റായതിനെ ആരാധിച്ചു: അവർ സൃഷ്ടിച്ചവനെ വിട്ടു, തെറ്റായ സൃഷ്ടിയെ ആരാധിച്ചു. എല്ലാവരും എന്തിനെയെങ്കിലും ആരാധിക്കും! അയാൾ സൃഷ്ടാവിനെ ആരാധിച്ചില്ലെങ്കിൽ, സൃഷ്ടിയെ ആരാധിക്കും.

ഇന്നു മനുഷ്യർ വിവിധ വസ്തുക്കളെ ആരാധിക്കുന്നുണ്ട്. ചിലർ *പണത്തെ* ആരാധിക്കുന്നു. അവർ കരുതുന്നതു പണം കൊടുത്തു സന്തോഷം വാങ്ങാമെന്നാണ്, അതുകൊണ്ടു അവർ സർവ്വശക്തിയുള്ള പണത്തെ സേവിക്കുവാൻ ജീവിതം നഷ്ടപ്പെടുത്തുന്നു. മറ്റുള്ളവർ *സുഖത്തെ* ആരാധിക്കുന്നു; നല്ല സമയം ഉണ്ടാകുക മാത്രമാണ് അവരുടെ ലക്ഷ്യം. ചിലർ *ശാസ്ത്രത്തെ* ആരാധിക്കുന്നു; അവർ എല്ലാ ഉത്തരങ്ങൾക്കും ശാസ്ത്രത്തെ നോക്കുന്നു. നമുക്കു ഏറ്റവും പുതിയ സാങ്കേതിക വിദ്യ അല്ലെങ്കിൽ മതിയായ ശാസ്ത്ര വിജ്ഞാനം ലഭിച്ചാലേ, നമുക്കു ഭൂമിയിൽ സ്വർഗം നേടാൻ കഴിയൂ എന്നാണവരുടെ പക്ഷം. ചിലർ *പാപത്തെ* ആരാധിക്കുന്നു. പാപം അവരെ കീഴടക്കി, അടിമയെ പോലെ ആക്കി, മറ്റൊന്നിലും അവർക്ക് താല്പര്യം ഇല്ല. എല്ലാവരും എന്തിനെയെങ്കിലും ആരാധിക്കും എന്നതാണ് പ്രധാനപ്പെട്ട കാര്യം.

നിങ്ങളുടെ തിരഞ്ഞെടുപ്പ്, അപ്പോൾ, നിങ്ങൾ ആരാധിക്കുമോ ഇല്ലയോ എന്നതല്ല, എന്നാൽ *എന്തിനെ* ആരാധിക്കും എന്നതാണ്. ആ തിരഞ്ഞെടുപ്പിനെ യേശു ഈ വിധത്തിൽ പറഞ്ഞിരിക്കുന്നു: "രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴിയുകയില്ല; അങ്ങനെ ചെയ്താൽ ഒരുത്തനെ പകെച്ചു മറ്റവനെ സ്നേഹിക്കും, അല്ലെങ്കിൽ ഒരുത്തനോടു പറ്റിച്ചേർന്നു മറ്റവനെ നിരസിക്കും. നിങ്ങൾക്കു ദൈവത്തെയും മാമോനെയും സേവിപ്പാൻ സാധ്യമല്ല" (മത്തായി 6:24). നിങ്ങളുടെ തിരഞ്ഞടുപ്പ് ഇതാ: ദൈവം അല്ലെങ്കിൽ മാമോൻ, സൃഷ്ടാവ് അല്ലെങ്കിൽ സൃഷ്ടി. ഇതിൽ നിങ്ങളുടേത് ഏതാണ്?

### ഉപസംഹാരം

ഈ തിരഞ്ഞെടുപ്പ് നൽകിയിരിക്കുന്നതിൽ, നിങ്ങൾ എന്തുകൊണ്ട്, ദൈവത്തെ സേവിക്കുവാൻ അല്ലെങ്കിൽ ആരാധിക്കുവാൻ തിരഞ്ഞെടുക്കുന്നു? അങ്ങനെ ചെയ്യാതെ നിങ്ങൾക്ക് സന്തോഷിക്കുവാൻ സാധിക്കുമോ? അതെ, സത്യസന്ധമായും, ദൈവത്തെ സേവിക്കാതെ തന്നെ നിങ്ങൾക്കു ഒരു പരിധിവരെ സന്തോഷിക്കുവാൻ കഴിയും എന്നു ഞാൻ കരുതുന്നു. എന്നാൽ ദൈവത്തെ സേവിക്കുന്നതിൽനിന്നാണ്, നമുക്ക് ഏറ്റവുമധികം സമൃദ്ധിയും പൂർണ്ണമായ സന്തോഷവും ലഭിക്കുന്നതു, എന്നാണ് എന്റെ വിശ്വാസം. യേശു അതു പറഞ്ഞ രീതി എനിക്കിഷ്ടമാണ്:

> എന്റെ നിമിത്തവും സുവിശേഷം നിമിത്തവും, വീടോ സഹോദരന്മാരെയോ സഹോദരികളെയോ, അമ്മയെയോ അപ്പനെയോ മക്കളെയോ നിലങ്ങളെയോ വിട്ടാൽ; ഈ ലോകത്തിൽ തന്നേ, ഉപദ്രവങ്ങളോടുംകൂടെ നൂറു മടങ്ങു വീടുകളെയും, സഹോദരന്മാരെയും സഹോദരികളെയും അമ്മമാരെയും മക്കളെയും നിലങ്ങളെയും, വരുവാനുള്ള ലോകത്തിൽ നിത്യജീവനെയും പ്രാപിക്കാത്തവൻ ആരുമില്ല, എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു (മർക്കൊസ് 10:29, 30).

ക്രിസ്ത്യാനിത്വം "ആകാശത്തിൽ ഇടക്കിടക്ക് കാണുന്ന ഭാവി സൗഭാഗ്യ സംഭവ്യത" അല്ല. അതു ഈ ജീവിതത്തിൽ വളരെ മനോഹരമായ അനുഗ്ര

ഹങ്ങൾ നല്കുന്നതാണ്.

എന്നാൽ മറ്റൊന്നിനും നല്കുവാൻ കഴിയാത്തതു ക്രിസ്ത്യാനിത്വത്തിനു നല്കുവാൻ കഴിയും: "... വരുവാനുള്ള ലോകത്തിൽ, നിത്യജീവൻ!" ക്രിസ്തുവിനോടുകൂടെ ജീവിക്കുമ്പോഴെന്നപോലെ ക്രിസ്തുവിനെ കൂടാതെ നിങ്ങൾക്കു സന്തോഷിക്കുവാൻ കഴിയു*മെങ്കിലും*, അതു മാമോനെ വിട്ടുകളഞ്ഞു ദൈവത്തെ തിരഞ്ഞെടുക്കുവാൻ നിങ്ങളോടു പറയുന്നു, കാരണം ലോകത്തിൽ *ക്രിസ്തു ഒഴിച്ചു* മറ്റാർക്കും നിങ്ങളെ സ്വർഗ്ഗത്തിലേക്കു കൊണ്ടു പോകാൻ സാധ്യമല്ല.

കൂടാതെ നിങ്ങൾ ഇന്നുതന്നെ അവനെ തിരഞ്ഞെടുക്കണം. യോശുവ യിസ്രായേൽ ജനത്തെ വെല്ലുവിളിച്ചു: "നിങ്ങൾ ആരെ സേവിക്കുമെന്നു ഇന്നു തിരഞ്ഞെടുത്തുകൊൾക" (യോശുവ 24:15). അനേകർ തങ്ങളുടെ തീരുമാനം നീട്ടിവെക്കുവാനാഗ്രഹിക്കുന്നു. അവർ ഇങ്ങനെ പറയുന്നതായി കാണാം, "ഞാൻ തിരഞ്ഞടുക്കാം, പക്ഷെ കുറെ കഴിഞ്ഞു പറയും, കുറച്ചു കൂടെ കഴിഞ്ഞിട്ടു ഞാൻ തിരഞ്ഞെടുക്കാം." പിന്നെ സമയം കിട്ടുമെന്നു നിങ്ങൾക്ക് എങ്ങനെ അറിയാം? നിങ്ങൾക്കു ആകെ ഉള്ളത് ഇന്നാണ്. നിങ്ങൾക്കു ക്രിസ്തുവിനെ തിരഞ്ഞെടുക്കുവാനുള്ള സമയം ഇപ്പോഴാണ്. നിങ്ങൾക്കു തിരഞ്ഞെടുക്കുവാനുള്ള അവസരം ഇപ്പോഴുണ്ട്. വാസ്തവത്തിൽ, നിങ്ങൾ ഒന്നു തിരഞ്ഞെടുക്കും. ഇന്നു നിങ്ങൾ ക്രിസ്തുവിനെ തിരഞ്ഞെടുത്തില്ലെങ്കിൽ, നിങ്ങൾ, വാസ്തവത്തിൽ, ലോകത്തെ തിരഞ്ഞെടുത്തിരിക്കുന്നു. നിങ്ങൾക്ക് അതിനു രണ്ടിനും മദ്ധ്യേ ആകുവാൻ സാധ്യമല്ല. "നിങ്ങൾക്കു വേണ്ടി തിരഞ്ഞെടുക്കുക"– ക്രിസ്തുവിനെ തിരഞ്ഞെടുക്കുക!

---

കുറിപ്പ്

[1]*ദ സൺ-ഹെറാൾഡ്,* സിഡ്നി, എൻ. എസ്. ഡബ്ളിയൂ., ജനുവരി 1971.